ഇംപ്രൂവ്മെന്റ് പരീക്ഷകൾ നേരത്തേ നടത്തണം

കൊച്ചി

ഹയർ സെക്കൻഡറി ഇംപ്രൂവ്മെന്റ് പരീക്ഷകൾ വാർഷിക പരീക്ഷയ്ക്കൊപ്പം നടത്തുന്ന രീതി പുനഃപരിശോധിക്കണമെന്നും മുൻ വർഷങ്ങളിലേതു പോലെ വാർഷിക പരീക്ഷയ്ക്കു മുമ്പായി നടത്തണമെന്നും എച്ച്എസ്എസ് വിദ്യാർഥിക ളുടെ രക്ഷിതാക്കളുടെ പ്രതിനിധികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വാർത്താസമ്മേളനത്തിൽ അനിൽ പ്ലാവിയൻസ്, ആൽബർട്ട് പോൾ, ബോബി വർഗ്ഗീസ്, ജോസഫ് ലൈസൻ, സ്വിറ്റി ഡിക്സൺ എന്നിവർ പങ്കെടുത്തു.

എംബിഎ അഡ്മിഷൻ അപേക്ഷ ക്ഷണിച്ചു

കൊച്ചി

കുസാറ്റ് അംഗീകാരത്തോടെ ഭാരതീയ വിദ്യാഭവൻ നടത്തുന്ന, ഇപ്പണിത്തുറ ഭവൻസ് റോയൽ ഇൻസ്റ്റിയൂട്ട് ഓഫ് മാനേജ്മെന്റിൽ 2026–28 എംബിഎ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഫോൺ: 80755 00478, 85471 47238, 0484–2774 461. വെബ്സൈറ്റ്: www.brim.ac.in.

ജൂനിയർ റസിഡന്റ്സ് ഒഴിവ്

കൊച്ചി

എറണാകുളം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ, ആരോഗ്യസുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡന്റ്സ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. 17ന് രാവിലെ 10.30 ന് അഭിമുഖം നടത്തും. അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെയാണ് രജിസ്ട്രേഷൻ. ഫോൺ: 0484 2754000

താൽക്കാലിക നിയമനം

കൊച്ചി

എറണാകുളം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ത്വക്ക് രോഗം, റേഡിയോ ഡയഗ്നോസിസ്, കാർഡിയോതൊറാസിക് ആൻഡ് വാസ്കുലാർ സർജറി എന്നീ വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. താൽപ്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം 19ന് രാവിലെ 10ന് গവ. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിന് സമീപമുള്ള കൺട്രോൾ റൂമിൽ എത്തണം. ഫോൺ: 0484 2754000.

അധ്യാപക ഒഴിവ്

ആലുവ

ആലുവ യുസി കോളേജ് ബയോസയന്സസ് വകുപ്പിൽ ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് 12ന് രാവിലെ 10ന് കോളേജ് ഓഫീസിൽ അഭിമുഖം നടത്തുന്നു. ഫോൺ: 98953 12779

വിദേശസഞ്ചാരികൾ പറയുന്നു
'വീ ലവ് ബിനാലെ, വീ ലവ് കൊച്ചി'

കൊച്ചി

ഏഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളയായ കൊച്ചി മുസിരിസ് ബിനാലെ സജീവമായതോടെ, കലയെയും പൈതൃകത്തെയും അനുഭവിക്കാൻ ദിവസങ്ങളോളം കൊച്ചിയിൽ ചെലവഴിച്ച വിദേശ വിനോദസഞ്ചാരികൾ. ബിനാലെ കേന്ദ്രീകൃതമായി രൂപകൽപ്പന ചെയ്ത ടൂറിസം പാക്കേജുകൾക്ക് വലിയ സ്വീകാര്യതയുണ്ട്. യാത്രകൾക്കിടയിലെ രണ്ടോ മൂന്നോ ദിവസത്തെ വിശ്രമകേന്ദ്രം എന്നതിൽനിന്ന് കൂടുതൽദിവസം ചെലവഴിക്കാൻ അഗ്രഹിക്കുന്ന നഗരമായി കൊച്ചി മാറി.

ബിനാലെയിൽ വിദേശസന്ദർശകരുടെ സാന്നിധ്യം ഗണ്യമായി വർധിച്ചെന്ന് ദ്രവിഡിയൻ ടെയിൽസ് ഡയറക്ടർ എസ് സ്വാമിനാഥൻ പറഞ്ഞു. ബിനാലെ കാണാൻമാത്രം സഞ്ചാരികൾ അധികമായി വരാറില്ല. അന്താരാഷ്ട്ര സന്ദർശകരുടെ എണ്ണത്തിൽ 10 ശതമാനത്തോളം വർധന ഇത്തവണ പ്രതീക്ഷിക്കുന്നു.

'ഫോർ ദി ടൈം ബിയിങ്' പ്രമേയത്തിൽ ഗോവയിലെ എച്ച്എച്ച് ആർട്ട് സ്പേസുമായി ചേർന്ന് നിലിൽ ചോപ്രയാണ് ബിനാലെ ആറാംലക്കം കൂറേറ്റ് ചെയ്യുന്നത്. പശ്ചിമകൊച്ചിയിലും എറണാകുളത്തുമായി 22 പ്രധാനവേദികളിലും ഏഴ് കൊ ഓറ്റാറ്റ് വേദികളിലുമായാണ് പ്രദർശനങ്ങൾ. 110 ദിവസത്തെ പ്രദർശനങ്ങൾ മാർച്ച് 31ന് സമാപിക്കും.

കൊച്ചി മുസിരിസ് ബിനാലെ പ്രദർശനങ്ങൾ കാണാനെത്തിയ വിദേശസഞ്ചാരികൾ

ണാനെത്തുന്നവരുടെ തിരക്ക്. ബിനാലെ കേന്ദ്രീകൃത യാത്രാക്രമീകരണങ്ങൾക്കായുള്ള അന്വേഷണങ്ങൾ വർധിച്ചു. അന്താരാഷ്ട്ര സന്ദർശകരുടെ എണ്ണത്തിൽ 10 ശതമാനത്തോളം വർധന ഇത്തവണ പ്രതീക്ഷിക്കുന്നു.

'ഫോർ ദി ടൈം ബിയിങ്' പ്രമേയത്തിൽ ഗോവയിലെ എച്ച്എച്ച് ആർട്ട് സ്പേസുമായി ചേർന്ന് നിലിൽ ചോപ്രയാണ് ബിനാലെ ആറാംലക്കം കൂറേറ്റ് ചെയ്യുന്നത്. പശ്ചിമകൊച്ചിയിലും എറണാകുളത്തുമായി 22 പ്രധാനവേദികളിലും ഏഴ് കൊ ഓറ്റാറ്റ് വേദികളിലുമായാണ് പ്രദർശനങ്ങൾ. 110 ദിവസത്തെ പ്രദർശനങ്ങൾ മാർച്ച് 31ന് സമാപിക്കും.

ബിനാലെയിൽ ഇന്ന്

ഫോർട്ട് കൊച്ചി വാട്ടർ മെട്രോ സ്റ്റേഷനിൽ എബിസി ആർട്ട് റൂം വർക്ഷോപ്പ് 'ദ ജിയോമെട്രി ഓഫ് ടുഗദർനെസ്: ഫോൾഡിങ് ആസ് പ്ലേ ആൻഡ് ബിലോങ്ങിങ്' – മിഷാൽ ഷഹഫ് നയിക്കുന്ന ശിൽപ്പശാല രാവിലെ 10 മുതൽ വൈകിട്ട് നാലുവരെ. ഫോർട്ട് കൊച്ചി ബാസ്റ്റൻ ബംഗ്ലാവിൽ എബിസി ആർട്ട് റൂം വർക്ഷോപ്പ് 'മഞ്ചാഹ പ്രോജക്ട്: ജയ്പൂർ റഗ്സ് ഒരുക്കുന്ന മഞ്ചാഹ പരവതാനികളിലൂടെ ആത്മപ്രകാശനവും സർഗാത്മകതയും അനുഭവിക്കൂ' രാവിലെ 10മുതൽ വൈകിട്ട് നാലുവരെ. ബിനാലെ പവിലിയൻ നിൽ എബിസി ആർട്ട് റൂം വർക്ഷോപ്പ് 'റൈമിങ് വിത്ത് ദ വേൾഡ്– ഋതുമിക് കൈക്കിനി നയിക്കുന്ന കവിത ശിൽപ്പശാല പകൽ 11 മുതൽ വൈകിട്ട് നാലുവരെ. 'ദ ത്രിമിങ് മൂഡ്സ്: നോയിൽ സാരി ത്രൂ ട്യൂപ്പ് – റീത്ത കപൂർ ചിഷ്തി നയിക്കുന്ന സാരി ഉടുക്കുന്നതിനെക്കുറിച്ചുള്ള പ്രഭാഷണവും പ്രദർശനവും പകൽ മൂന്നുമുതൽ വൈകിട്ട് ആറുവരെ. ചലച്ചിത്രപ്രദർശനം ജോസഫിന് സാബി സംവിധാനം ചെയ്ത 'പലസ്തീനിയൻ വിമൻ' രാത്രി ഏഴുമുതൽ. തുടർന്ന് മോന കാറാറോ സംവിധാനം ചെയ്ത 'മൈഷഅ്സ് ഓഫ് ധിസ്സൻസ്', 'ലെറൽ ത്രൂ ബെയ്റ്റു ട്ട്'. മട്ടാഞ്ചേരി ഫോർപ്പേ സൊസൈറ്റിൽ ഖെബിഎഫ് കൊളാറ്ററൽ പ്രോജക്ട് – 'എ ബെർഡ് ഫ്ലൈസ്, എ സ്റ്റോൺ ഈസ് ത്രോണ്' ഉദ്ഘാടനം വൈകിട്ട് ആറിന്.

എച്ച്എംടിയുടെ വൈദ്യുതി കുടിശ്ശിക: പരിഹാരത്തിലേക്ക്

കളമശേരി

കുടിശ്ശികയെ തുടർന്ന് എച്ച്എംടി കമ്പനിയിലേക്കുള്ള വൈദ്യുതി കെഎസ്ഇബി വിച്ഛേദിച്ച സംഭവത്തിൽ ഇരുസ്ഥാപനങ്ങളുടെയും ചെയർമാൻമാരുടെ നേതൃത്വത്തിൽ ചർച്ച നടന്നു. ഡിസംബർ 23ന് 2007 മുതലുള്ള 30.2 കോടി മുപയുടെ കുടിശ്ശിക അടച്ചിട്ടില്ലെന്ന കാരണത്താലാണ് കമ്പനിയിലേക്കുള്ള വൈദ്യുതി വിച്ഛേദിച്ചത്.

എച്ച്എംടി ചെയർമാൻ രാജേഷ് കോഹ്റി, കെഎസ്ഇബി ചെയർമാൻ മിൻഹാജ് ആലം, കെഎസ്ഇബി ഫിനാൻസ് ഡയറക്ടർ ആർ ബിജു എന്നിവർ ബുധനാഴ്ച തിരുവനന്തപുരത്ത് ചർച്ച നടത്തി പ്രശ്നപരിഹാരനടപടികൾ ആരംഭിച്ചു.

എച്ച്എംടിയുടെ കൈവശമുള്ള അഞ്ച് ഏക്കർ ഭൂമി കെഎസ്ഇബിക്ക് നൽകുന്നത് സംബന്ധിച്ചുള്ള മുൻധാരണ നടപ്പാക്കാൻ കഴിയുമെന്നാണ് മാനേജ്മെന്റ് നിലപാട്. ഇതുസംബന്ധിച്ച ഭൂമി പരിശോധനയ്ക്കായി കെഎസ്ഇബി ഉദ്യോഗസ്ഥർ, ചെയർമാൻ രാജേഷ് കോഹ്റി, യൂണിറ്റ് ജിഎം മോഹൻകുമാർ, ഡിജിഎം ശ്രീകുമാർ, എസ്റ്റേറ്റ് മാനേജർ എം കാർത്തിക് എന്നിവരെത്തി. തർക്കപരിഹാരത്തിനായി ചർച്ച തുടരുമെന്ന് അധികൃതർ പറഞ്ഞു.

കെഎസ്ഇബിയുമായി ചർച്ച നടത്തി

ട്രേഡ് യൂണിയനുമായി ചർച്ച നടത്തി

കളമശേരി

എച്ച്എംടി ചെയർമാൻ രാജേഷ് കോഹ്റി യൂണിറ്റ് സന്ദർശിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തി. കെഎസ്ഇബി പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് ചെയർമാൻ പറഞ്ഞു. പ്രശ്നപരിഹാരത്തിനായി ഇടപെടു വ്യവസായമന്ത്രി പി രാജീവ്, വൈദ്യുതിമന്ത്രി കെ കൃഷ്ണൻകുട്ടി എന്നിവരോട് ചെയർമാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തി.

കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് വേഗത്തിൽ നടപ്പാക്കാൻ സമ്മർദം ചെലുത്തുന്നുണ്ടെന്നും ഡൽഹിയിൽ നടന്ന മന്ത്രിതല ചർച്ചയിൽ എംപിമാരായ ജോൺ ബ്രിട്ടാസ്, ഹൈബി ഈഡൻ എന്നിവർ വലിയ പിന്തുണയാണ് നൽകിയതെന്നും ചെയർമാൻ പറഞ്ഞു.

സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് കെ ചന്ദ്രൻപിള്ളയെ എച്ച്എംടി ചെയർമാൻ രാജേഷ് കോഹ്റി പൊന്നാടയണിയിക്കുന്നു

കമ്പനി നേരിടുന്ന പ്രതിസന്ധികളും പുനരുദ്ധാരണത്തിനുള്ള മാർഗവും സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് കെ ചന്ദ്രൻപിള്ളയുമായി ചെയർമാൻ പ്രത്യേകം ചർച്ച ചെയ്തു. നാഷണൽ കോൺഫെഡറേഷൻ ഓഫ് എച്ച്എംടി യൂണിയൻസ് പ്രസിഡന്റ് എന്ന നിലയിൽ കമ്പനിയുടെ നിലനിൽപ്പിനായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾക്ക് ചെയർമാൻ നന്ദി രേഖപ്പെടുത്തി. തുടർന്ന് കെ ചന്ദ്രൻപിള്ളയെ ചെയർമാൻ പൊന്നാടയണിയിച്ച് ആദരിച്ചു.

ലെൻസ്ഫെഡ് ജില്ലാ സമ്മേളനം മേയർ വി കെ മിനിമോൾ ഉദ്ഘാടനം ചെയ്യുന്നു

ലെൻസ്ഫെഡ് ജില്ലാ സമ്മേളനം

തൃപ്പൂണിത്തുറ

ലൈസൻസ്ഡ് എൻജിനിയേഴ്സ് ആൻഡ് സൂപ്പർവൈസേഴ്സ് ഫെഡറേഷൻ (ലെൻസ്ഫെഡ്) 14–ാം ജില്ലാ സമ്മേളനം സമാപിച്ചു. ജില്ലയിലെ 1200 എൻജിനീയർമാർ പങ്കെടുത്ത പ്രതിനിധി സമ്മേളനം കൊച്ചി മേയർ വി കെ മിനിമോൾ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ എസ് അനിൽകുമാർ അധ്യക്ഷനായി. ജില്ലാ ട്രൗൺ പ്ലാനർ കെ എഫ് ജോസഫ്, ലെൻസ്ഫെഡ് സംസ്ഥാന പ്രസിഡന്റ് സി എസ് വിനോദ്കുമാർ, ജിതിൻ സുധാകൃഷ്ണൻ, ടി ഗിരീഷ് കുമാർ, ബിജോ മുരളി, വിനമേഷ്, കുര്യൻ ഫിലിപ്പ്, പി ബി അനിൽകുമാർ, സിമി പ്രജീഷ്, ലാലു ജേക്കബ്, ടി സോണി എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: കെ ജെ ജോൺ (പ്രസിഡന്റ്), എം ഡി പ്രേമൻ, പി എ രാജേഷ്, പി ബി അനിൽകുമാർ (വൈസ് പ്രസിഡന്റുമാർ), സിമി പ്രജീഷ് (സെക്രട്ടറി), വി ടി ജെസ്മോൻ, അനിത കുമാരി, കെ എ റജിബത്ത് (ജോയിന്റ് സെക്രട്ടറിമാർ), എം എം മാഹിൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. സാങ്കേതികവിദ്യകളും സേവനങ്ങളും പരിചയപ്പെടുത്തുന്ന 35 പ്രദർശനസ്റ്റാളുകളും ഉണ്ടായിരുന്നു.

കെ ജെ ജോൺ (പ്രസിഡന്റ്)

സിമി പ്രജീഷ് (സെക്രട്ടറി)

വായനമത്സരം: ശ്രിയയും സബിതയും ജേതാക്കൾ

കൊച്ചി

ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച ജില്ലാതല യുപി-വനിതാ വായനമത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. യുപി വിഭാഗത്തിൽ കണയന്നൂർ താലൂക്കിലെ പൂത്തോട്ട ശ്രീനാരായണ ഗ്രന്ഥശാലയിലെ ശ്രിയ വി രാജീവും വനിതാവിഭാഗത്തിൽ കണയന്നൂർ താലൂക്കിലെ പൈങ്ങാടപ്പിള്ളി സമീക്ഷ സാംസ്കാരികനിലയം ആൻഡ് ഗ്രന്ഥശാല ടി എസ് സബിതയും ഒന്നാംസ്ഥാനം നേടി.

ശ്രിയ വി രാജീവ്

ടി എസ് സബിത

യുപി വിഭാഗത്തിൽ പെരുമ്പാവൂർ പബ്ലിക് ലൈബ്രറിയിലെ എയ്ഞ്ചലിന സിജുവും മൂന്നാം സ്ഥാനം നേടി. വനിതാവിഭാഗത്തിൽ വളയൻചിറങ്ങര വി എൻ കേശവപിള്ള സ്മാരക വായനശാലയിലെ കെ ആർ രഞ്ജിനി രണ്ടാംസ്ഥാനവും പാലിശേരി എസ്എൻഡിപി ലൈബ്രറിയിലെ ലക്ഷ്മി അനിഷ് മൂന്നാംസ്ഥാനവും നേടി. വിജയികൾക്ക് ശനി രാവിലെ 9.30ന് പറവൂർ ബോയ്സ് ഹൈസ്കൂളിൽ ചേരുന്ന സർഗോത്സവ ഉദ്ഘാടന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

അതിരപ്പിള്ളി ഒമ്പതാംബ്ലോക്കിൽ കാട്ടാനക്കൂട്ടി ചരിഞ്ഞനിലയിൽ

കാട്ടാനക്കൂട്ടി ചരിഞ്ഞനിലയിൽ

കാലടി

അതിരപ്പിള്ളി ഒമ്പതാംബ്ലോക്കിൽ കാട്ടാനക്കൂട്ടിയെ ചരിഞ്ഞനിലയിൽ കണ്ടെത്തി. വെള്ളി വൈകിട്ടാണ് ആനക്കൂട്ടിയുടെ ജഡം കണ്ടത്.

ആനക്കൂട്ടി പാറയിൽ വീണതെന്നുകരുതുന്നയാളെ വയോജനത്തിലാണ് മരണം സംഭവിച്ചതെന്ന് വനംവകുപ്പ് വെറ്റിനറി ഡോ ഷർമാർ പറഞ്ഞു.

'കുയിലി' നൃത്തചലച്ചിത്രം പുറത്തിറക്കി

കൊച്ചി

ഭാഷിത യു രാജ്

കുച്ചിപ്പുടി നർത്തകിയും നൃത്തസംവിധായികയുമായ ഭാഷിത യു രാജ് ചിട്ടപ്പെടുത്തിയ 'കുയിലി' എന്ന നൃത്തചലച്ചിത്രം ഏറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താസമ്മേളനത്തിൽ റിലീസ് ചെയ്തു. വിജയദശമി നാളിൽ സ്ത്രീകൾക്കുമാത്രം പ്രവേശനം അനുവദിച്ചിരുന്ന ശിവഗംഗൈ ക്കോട്ടയ്ക്കുള്ളിലെ രാജരാജേശ്വരി ക്ഷേത്രത്തിൽ നൃത്തപരമായി പ്രവേശിക്കുന്ന കുയിലിയും കൂട്ടരും ബ്രിട്ടീഷ് സൈന്യവുമാ യി ഏറ്റുമുട്ടുകയും ടെറിലി സ്വയം തീകൊളുത്തി ശത്രുക്കളുടെ ആയുധശേഖരത്തിലേക്ക് കുതിച്ചുകയറി, അത് പൂർണമാ യി നശിപ്പിക്കുകയും ചെയ്യുന്ന താണ് പ്രമേയം. സ്വാതന്ത്ര്യത്തിനും ആത്മാഭിമാനത്തിനുമായി നടത്തിയ കുയിലിയുടെ ഈ ചരിത്രപോരാട്ടം, ലോകചരിത്രത്തിലെ ആദ്യ പാവോരുകൂമണങ്ങളിലൊന്നാണ്. ഇന്ത്യൻ ശാസ്ത്രീയനൃത്തത്തിന്റെ സൗന്ദര്യവും സിനിമാറ്റിക് കഥപറച്ചിലിന്റെ ശക്തിയും സംയോജിപ്പിച്ച കുയിലി, ജനറേഷൻ ഓഫ് കൾച്ചർ എന്ന യൂട്യൂബ് ചാനലിലൂടെയാണ് റിലീസ് ചെയ്തത്. കെവിൻ കാർട്ടറുടെ ദി വൾച്ചർ ആൻഡ് ദ ലിറ്റിൽ ഗേൾ എന്ന പ്രശസ്തചിത്രത്തെ ആധാരമാക്കി നിർമിച്ച ദി വൾച്ചർ, ജവാഹർലാൽ നെഹറുമകൾ ഇന്ദിരാ ഗാന്ധിക്കയച്ച കത്തിലെന്ന ആധാരമാക്കിയ ബർത്ഡേ ലെറ്റർ, ടാറ്റയുടെ ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള ദ്വന്ദവിദ്യാഗുരു, ലോകത്താദ്യമായി തുകലിലേറ്റപ്പെട്ട മേരി എന്ന ആനയുടെ കഥ പറയുന്ന 'മേരി' തുടങ്ങിയവയാണ് ഭാഷിതയുടെ മറ്റു ആവിഷ്കാരങ്ങൾ.

വാവേലിയിൽ കാട്ടാന വീടിന്റെ ജനൽ തകർത്തു

കോതമംഗലം

കോട്ടപ്പടി വാവേലിയിൽ വീടിനു നേരെ കാട്ടനയാക്രമണം. കുളപ്പുറം അനിഷിന്റെ വീടിന്റെ ജനാലകൾ തകർത്തു. വെള്ളി പുലർച്ചെ അഞ്ചിനാണ് കാട്ടാനക്കൂട്ടം ജനവാസമേഖലയിലെത്തിയത്.

ആറ് ആനകളുണ്ടായിരുന്നു. അനിഷിന്റെ അമ്മ ഓമന മാത്രമാണ് ഈ സമയം വീട്ടിലുണ്ടായിരുന്നത്. അവശേഷിച്ച കൃഷികളും ആനക്കൂട്ടം നശിപ്പിച്ചു. കാട്ടാനശല്യത്തിനെതിരെ നടപടി സ്വീകരിക്കണമെന്നും ട്രഞ്ച് നിർമിക്കാൻ അനുമതി നൽകണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

ഹാക്കത്തോൺ ത്രെഡ്സ് 26 ഇന്നുമുതൽ

കാലടി

ആദിശങ്കര എൻജിനിയറിങ് കോളേജിയിൽ 10, 11 തീയതികളിൽ 'ഹാഷൻകൈ- ഹാക്കത്തോൺ ത്രെഡ്സ്' നടക്കും. നൂതനാശയങ്ങൾ, സഹകരണം, അനുഭവപരമായ പഠനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണ് 30 മണിക്കൂർ ദൈർഘ്യമുള്ള ഹാക്കത്തോൺ.

KERALA BANK
Kerala State Co-operative Bank

കേരള സംസ്ഥാന സഹകരണ ബാങ്ക്

റീജിയണൽ ഓഫീസ്, സഹകരണ ശതാബ്ദി മന്ദിരം, കോവിലകത്തുംപാടം പി. ഒ, തിരുവമ്പാടി,
തൃശ്ശൂർ-680 022, ഫോൺ: 0487-2325700, ഇ – മെയിൽ: tsrro@keralabank.co.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന പരസ്യം (Under Rule 8(6) of the security interest (Enforcement) Rules -2002) SARFAESI ACT 2002

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള വ്യക്തികൾ ബാങ്കിന് വായ്പകളുടെ ഈടായി തന്നിട്ടുള്ളതും സെക്കൻ 13(4) സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സെറ്റ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 പ്രകാരം ബാങ്കിന്റെ അധികാരക്കുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിയോഗമുന്നതും കൈവശപ്പെടുത്തിയതുമായ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാവര വസ്തു വകകൾ ബാങ്കിന് ലഭിക്കേണ്ട സംഖ്യയും പലിശയും മറ്റു ചെലവുകളും വസൂലാക്കുന്നതിലേക്ക് 2002 ലെ സർഫേസി നിയമ റൂൾ 8(6) പ്രകാരം നിലവിലുള്ള സ്ഥിതിയിൽ അതായത് **'എവിടെയൊണോ, എങ്ങനെയൊണോ, എന്തോണോ'** എന്ന നിലയിൽ **13-02-2026** തീയതിയിൽ **ഓഡിലെ 11.00** ഒണിക്ക് എറണാകുളം സി.പി.സി. കാക്കനാട് ഹഫീസിൽ വച്ച് പൊതുലേല വിൽപന നടത്തുന്നതാണെന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും അറിയിക്കുന്നു.

ക്രമനമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ശാഖയും വായ്പാ നമ്പറും	ഈടാകാനുള്ള തുക	കരുതൽ വില	നിരതദ്രവ്യം	ഈട് വസ്തുക്കളെ സംബന്ധിച്ച വിവരം
1.	**ശ്രീ. പാപ്പച്ചൻ സി പി**, ചാക്കാത്ത് വീട്, ചർച്ച് റോഡ്, തുണ്ടത്തുംകടവ്, വരാപുഴ പി.ഒ, പിൻ - 683517 ജാമ്യക്കാരായ 1. **ശ്രീ. ജോസ് പി സി**, പേട്ട വീട്, കാവിൽതറ, കൂനമാവ് പി.ഒ, പിൻ - 683518. 2. **ശ്രീമതി. ബെൽജിന പി ഡെ**, പുമലപറമ്പിൽ വീട്, കണിയാരം, ഭാനത്വേലി, പിൻ - 670645	31-12-2025 ലെ 1403603536000435	രൂപ 32,83,721/- മുപ്പത്തി രണ്ട് ലക്ഷത്തി അറുപത്തി മൂന്ന് തുടർന്ന് 01-01-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ 22,00,000/-	രൂപ 2,20,000/-	ആകങ്ങാട് SRO യിലെ 06.05.1994 തീയതിയിലെ 2654/94 ആധാരപ്രകാരം പാപ്പച്ചൻ സി പി പേരിലുള്ള എറണാകുളം ജില്ല പിറവൂർ താലൂക്ക് വരാപുഴ വില്ലേജ് സർവ്വെ നമ്പർ 332/102 ൽ ഉൾപ്പെട്ട 3.62 ആർ വഹകളും ആയതിലെ സകലവിധ ആസ്തികളും **നാലതിരുകൾ: കിഴക്ക്**: പാപ്പച്ചൻ വക വസ്തു; **വടക്ക്**: പാപ്പച്ചൻ വക വസ്തു; **പടിഞ്ഞാറ്** : പൗലോ രാജു വക വസ്തു; **തെക്ക്** : വഴി. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 08/08/2025 തീയതി വരെയുള്ള കുടിശ്ശക സർട്ടിഫിക്കറ്റിൽ മറ്റു ബാദ്ധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
2.	**ശ്രീ. ജോജി കെ പി**, S/o പ്രഭാകരൻ, കാട്ടിലനമ്പിൽ ഹൗസ്, നായരമ്പലം പി.ഒ, പിൻ - 682509 ജാമ്യക്കാരായ 1. **ശ്രീ. സുധീർ എം.പി**, S/o പുഴക്കോത്തമൻ, അഴമ്പേശി ഹൗസ്, കൈമള് റോഡ്, ഞാറയ്ക്കൽ പി.ഒ, പിൻ - 683514, 2. **ശ്രീമതി സുനിത** എം.പി, W/o ജോജി, കാട്ടിലനമ്പിൽ ഹൗസ്, നായരമ്പലം പി.ഒ, പിൻ - 682509	ഞാറക്കൽ ഇയർലീഡ് 1434643620000053	31-12-2025 ലെ **52,71,111.44** രൂപയും തുടർന്ന് 01-01-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ 77,58,000/-	രൂപ 7,75,800/-	1.ഞാറക്കൽ SRO യിലെ 526/12 ആധാരപ്രകാരം ശ്രീ.ജോജി പേരിലുള്ള എറണാകുളം ജില്ല കൊച്ചി താലൂക്ക് നായരമ്പലം വില്ലേജ് സർവ്വെ നമ്പർ 1046/1, റീസർവ്വെ നമ്പർ 180/5 B7 ൽ ഉൾപ്പെട്ട 14.97 ആർ വഹകളും ആയതിലെ സകലവിധ ആസ്തികളും. **നാലതിരുകൾ: കിഴക്ക്**: ഭാനു വക വസ്തു, പഞ്ചായത്ത് റോഡ്; **വടക്ക്**: ഭാനു,ജനാർദനൻ എന്നിവർ വക വസ്തു; **പടിഞ്ഞാറ്** ജോജി വക വസ്തു; **തെക്ക്**: വേലായുധൻ, വിജയൻ എന്നിവർ വക വസ്തു 2.ഞാറക്കൽ SROയിലെ 2256/13 ആധാരപ്രകാരം ജോജി പേരിലുള്ള എറണാകുളം ജില്ല കൊച്ചി താലൂക്ക് നായരമ്പലം വില്ലേജ് സർവ്വെ നമ്പർ 224/2,5,7,12, റീസർവ്വെ നമ്പർ 59/1 ൽ ഉൾപ്പെട്ട 6.07 ആർ വഹകളും ആയതിലെ സകലവിധ ആസ്തികളും. **നാലതിരുകൾ: കിഴക്ക്** : തോപ്പിനാൻ വക വസ്തു; **വടക്ക്** : പള്ളത്തുപടി ട്രസ്റ്റ് വക വസ്തു; **പടിഞ്ഞാറ്** : തോപ്പിനാൻ വക വസ്തു; **തെക്ക്** : തോപ്പിനാൻ വക വസ്തു, വഴി അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 18/08/2025 തീയതി വരെയുള്ള കുടിശ്ശക സർട്ടിഫിക്കറ്റിൽ മറ്റു ബാദ്ധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
3.	**1.മുവാറ്റുപുഴ വമ്പൻ മാർക്കറ്റിംഗ് കോ- ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. 3094, മുവാറ്റുപുഴ, പിൻ - 686661** **2.അലവിനിസ്ട്രേറ്റർ കബറി കണ്ടറീൻ**, മുവാറ്റുപുഴ വമ്പൻ മാർക്കറ്റിംഗ് കോ- ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.3094, മുവാറ്റുപുഴ, പിൻ - 686661 **3. കിഷിനോർ**, മുവാറ്റുപുഴ വമ്പൻ മാർക്കറ്റിംഗ് കോ- ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.3094, മുവാറ്റുപുഴ, പിൻ - 686661	മുവാറ്റുപുഴ ടൗൺ 143366004000034	31-12-2025 ലെ **13,15,96,432.31** രൂപയും തുടർന്ന് 01-01-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ 14,05,93,800/-	രൂപ